നം.വൈ (1)/55555/2014/ഡി.പി.ഐ

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി: 30/08/2014.

# സർക്കുലർ

**വിഷയം:-** പൊതു വിദ്യാഭ്യാസം- കേരള സ്കൂൾ ശാസ്ത്രമേളയ്ക്കായി ഒരു കിലോ സ്വർണകപ്പ് (125 പവൻ) നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളെ - സംബന്ധിച്ച്.

**സൂചന:-** 1) സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ.168/2014/പൊ.വി.വ. തീയതി 26.08.2014

പൊതുവിദ്യാഭ്യാസം, ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി തലങ്ങളിലെ വിദ്യാർത്ഥികൾക്കായി ശാസ്ത്രം, ഗണിത ശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, പ്രവൃത്തി പരിചയം, ഐ.ടി. വിഭാഗങ്ങളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് സംഘടിപ്പിക്കുന്ന സംസ്ഥാന സ്കൂൾ ശാസ്ത്രമേള സംഘടനാ പാടവം കൊണ്ടും, മത്സരയിനങ്ങളുടെ വൈവിദ്ധ്യം കൊണ്ടും, വിദ്യാർത്ഥി-അദ്ധ്യാപക പങ്കാളിത്തം കൊണ്ടും ഭാരതത്തിലെയെന്നുതന്നെയല്ല ഏഷ്യയിലെ തന്നെ ബൃഹത്തായ ശാസ്ത്രമേളയാണ്.

സംസ്ഥാനതല ശാസ്ത്രമേളയിൽ പങ്കെടുക്കുമ്പോളുണ്ടാകുന്ന ആവേശകരമായ ഊർജ്ജം ഉൾകൊണ്ടുകൊണ്ട് നമ്മുടെ കുട്ടികൾ ദേശീയ, അന്തർദേശീയ ശാസ്ത്ര മത്സരങ്ങളിൽ പങ്കെടുത്ത് അഭിമാനകരമായ വിജയം കൊയ്ത് സംസ്ഥാനത്തിന്റെ യശസ്സ് ഉയർത്തി ഭാരതത്തിന്റെ മുന്നിൽ ശ്രേഷ്ഠരായ വിദ്യാർത്ഥി സമൂഹമായി നിലകൊള്ളുന്നു. ഇത്തരത്തിൽ ആത്മാർത്ഥമായ പ്രവർത്തനങ്ങൾ നടത്തുന്ന നമ്മുടെ വിദ്യാർത്ഥികൾക്കായി പൊതുവിദ്യാഭ്യാസ വകുപ്പിന് കൂടുതലായി എന്തുചെയ്യുവാൻ കഴിയും എന്ന ചിന്തയിലുദിച്ച ഒരു ബൃഹത് പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായാണ് ഈ സർക്കുലർ.

കേരള സ്കൂൾ സംസ്ഥാന ശാസ്ത്രമേളയിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് കൂടുതൽ പ്രോത്സാഹനം നൽകുന്നതിനും, ശാസ്ത്രമാർഗത്തിൽ സഞ്ചരിച്ച് സംസ്ഥാനത്തിനും, ഭാരതത്തിനും അഭിമാനകരമായ സംഭാവനകൾ നൽകുന്നതിനുള്ള ആവേശകരമായ ഉൾക്കരുത്ത് നൽകുന്നതിനുമായി "***ശാസ്ത്രമേളയ്ക്കായി ഒരു കിലോ സ്വർണ്ണകപ്പ്***" (125 പവൻ) നിർമ്മിക്കുന്നതിനുള്ള അനുമതിക്കായി പൊതുവിദ്യാഭ്യാസ ഡയറക്ടർ സർക്കാരിന് നൽകിയ പ്രൊപ്പോസലിനുമേൽ സൂചന പ്രകാരം സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ വകുപ്പിന് പൊൻതൂവലാകുന്ന പ്രസ്തുത പദ്ധതി "***ഒരു മിഠായിക്ക് ഒരു സ്വർണ്ണകപ്പ് അഥവാ ഒരു കിലോ സ്വർണ്ണകപ്പ്***" എന്ന പേരിലാണ് നടപ്പിലാക്കുന്നത്.

സംസ്ഥാന ശാസ്ത്രമേളയിൽ ഏറ്റവും കൂടുതൽ പോയിന്റ് നേടുന്ന റവന്യൂ ജില്ലയ്ക്ക് എവർറോളിംഗ് ആയിട്ടാണ് '**ശാസ്ത്രമേള സ്വർണ്ണകപ്പ്**' നൽകുന്നത്.

## സ്വർണ്ണകപ്പ് നിർമ്മിക്കുന്നതിനുള്ള സംഭാവന സ്വരൂപിക്കൽ

സംസ്ഥാനത്ത് 1-ാം ക്ലാസ്സുമുതൽ 12-ാം വരെ പഠിക്കുന്ന സർക്കാർ, എയ്ഡഡ്, അംഗീകൃത അൺഎയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികളിൽ നിന്നും അവർ '***മിഠായി വാങ്ങുവാൻ ഉപയോഗിക്കുന്നതിൽ ഒരു രൂപ***' സംഭാവനയായി സ്വരൂപിച്ചുകൊണ്ടാണ് അവർക്കുവേണ്ടി പൊതുവിദ്യാഭ്യാസ വകുപ്പ് ***ശാസ്ത്രമേള ഒരു കിലോ സ്വർണകപ്പ്*** നിർമ്മിക്കുന്നത്. അതുകൊണ്ട് തന്നെ '**ഒരു മിഠായിക്ക് ഒരു സ്വർണകപ്പ് അഥവാ ഒരു കിലോ സ്വർണകപ്പ്**'എന്ന പേരിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

സമയബന്ധിതമായ പ്രവർത്തനങ്ങളിലൂടെ മാത്രമേ 2014 സംസ്ഥാനതല ശാസ്ത്രമേളയ്ക്ക് (മലപ്പുറം) നൽകുവാൻ തക്കതരത്തിൽ സ്വർണകപ്പ് നിർമ്മിക്കുവാൻ സാധിക്കുകയുള്ളൂ. ആയതിനായി നിശ്ചയിച്ചിട്ടുള്ള പ്രവർത്തനങ്ങളുടെ തീയതി ക്രമം ചുവടെ ചേർക്കുന്നു.

(1) സംസ്ഥാന ശാസ്ത്രമേള **ഒരു കിലോ സ്വർണ്ണകപ്പു** നിർമ്മാണത്തിനുവേണ്ടി വിദ്യാർത്ഥികളിൽ നിന്നും **ഒരു രൂപാ** വീതം സംഭാവന പ്രഥമാദ്ധ്യാപകർ സ്വരൂപിക്കേണ്ട തീയതി.

***2014 സെപ്തംബർ മാസം 23-ാം തീയതി*** (*രാവിലെ 10 മണിക്കും 11 മണിക്കും ഇടയിൽ സംസ്ഥാനത്തൊട്ടാകെ ഒരു മണിക്കൂറിനുള്ളിൽ സംഭാവന സ്വരൂപിക്കേണ്ടതാണ്)*

(2) പ്രഥമാദ്ധ്യാപകർ വിദ്യാർത്ഥികളുടെ സംഭാവന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ജഗതി ബ്രാഞ്ചിൽ മാറത്തക്കവണ്ണം ബാങ്ക് ഡി.ഡി. എടുക്കേണ്ട തീയതി

***2014 സെപ്തംബർ മാസം 23, 24 തീയതികളിൽ***

(3) ബാങ്ക് ഡി.ഡി.യും, ANNEXURE-1 ഉം കവറിംഗ് ലെറ്ററോടെ പ്രഥമാദ്ധ്യാപകർ എ.ഇ.ഒ./ഡി.ഇ.ഒ. മാർക്ക് നൽകേണ്ട തീയതി

***2014 സെപ്തംബർ മാസം 25-ാം തീയതി രാവിലെ 12 മണിക്ക് മുമ്പായി.***

(4) പ്രഥമാദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന ANNEXURE-1-ലെ വിവരങ്ങൾ പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ഇ-മെയിൽ വഴി നൽകുന്ന ANNEXURE-II ആയ കമ്പ്യൂട്ടർ എക്സൽ ഷീറ്റിൽ എൻട്രി നടത്തി പ്രസ്തുത എക്സൽ ഷീറ്റ് റൈറ്റ് ചെയ്ത **സി.ഡി.യും** അതിന്റെ എ.ഇ.ഒ./ഡി.ഇ.ഒ കൈയൊപ്പ് ചാർത്തിയ പ്രിന്റൗട്ടും, ബാങ്ക് ഡി.ഡി., ANNEXURE-1 എന്നിവ ഉൾപ്പെടെ കവറിംഗ് ലറ്ററോടുകൂടി വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് എ.ഇ.ഒ., ഡി.ഇ.ഒ മാർ നൽകേണ്ട തീയതി

***2014 സെപ്തംബർ മാസം 29-ാം തീയതി രാവിലെ 12 മണിക്ക് മുമ്പായി.***

(5) എ.ഇ.ഒ., ഡി.ഇ.ഒ മാരിൽ നിന്നും ലഭിക്കുന്ന ANNEXURE-II ലെ വിവരങ്ങൾ ANNEXURE-III യിൽ രേഖപ്പെടുത്തി ഒപ്പ് ചാർത്തി അവരിൽ നിന്നും ലഭിക്കുന്ന ബണ്ടിലുകൾ ഉൾപ്പെടെ കവറിംഗ് ലറ്ററോടുകൂടി വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് (അക്കാഡമിക്) പ്രത്യേക ദൂതൻ വഴി എത്തിക്കേണ്ട തീയതി.

***2014 ഒക്ടോബർ മാസം 6-ാം തീയതി 12 മണിക്ക് മുമ്പായി***

(6) ശാസ്ത്രം, ഗണിതശാസ്ത്രം, സാമൂഹ്യ ശാസ്ത്രം, പ്രവൃത്തി പരിചയം, ഐ.ടി വിഭാഗങ്ങൾ ഉൾപ്പെടുന്ന ശാസ്ത്രമേള സ്വർണകപ്പ് നിർമ്മിക്കുന്നതിനുള്ള മോഡൽ ചിത്രങ്ങളായി വിദ്യാർത്ഥികളിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്നതിനു ള്ള പത്ര വാർത്ത വിദ്യാഭ്യാസ ഉപഡയറക്ടർമാർ നൽകേണ്ട തീയതി.

***2014 സെപ്തംബർ മാസം 4-ാം തീയതി*** (17/09/2014 നുള്ളിൽ A4/A3 സൈസ് പേപ്പറിൽ ചിത്രങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസിൽ ലഭ്യമാകണം)

(7) ലഭിക്കുന്ന ചിത്രങ്ങളിൽ മെച്ചപ്പെട്ട 5 എണ്ണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കമ്മറ്റി കൂടി തെരഞ്ഞെടുക്കുതിനുള്ള തീയതി

***2014 സെപ്തംബർ മാസം 19-ാം തീയതി***

(10) ഇപ്രകാരം തിരഞ്ഞെടുത്ത 5 ചിത്രങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർ പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് (അക്കാഡമിക്) ലഭ്യമാക്കേണ്ട തീയതി

***2014 സെപ്തംബർ മാസം 22-ാം തീയതി***

ശാസ്ത്രമേള സ്വർണ്ണകപ്പ് നിർമ്മാണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കി പദ്ധതി വിജയിപ്പിക്കുന്നതിന്റെ ചുക്കാൻ പിടിക്കേണ്ടത് വിദ്യാഭ്യാസ ഉപഡയറക്ടർമാരാണ്. ആയതിലേയ്ക്ക് നൽകുന്ന നിർദ്ദേർശങ്ങൾ കൃത്യതയോ ടെയും , മാതൃകപരമായും നടപ്പിലാക്കേണ്ടതാണ്.

ശാസ്ത്രമേള സ്വർണ്ണകപ്പ് നിർമ്മാണ പദ്ധതിയ്ക്കായുള്ള ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി വിദ്യാർത്ഥികളുടേയും സംഭാവന പ്രഥമാദ്ധ്യാപ കരാൽ ശേഖരിക്കപ്പെടുന്നത് സംഭാവന സ്വരൂപീകരണം സുഗമമായി നടത്തുവാൻ സഹായകരമാകും എന്നതിനാൽ പ്രസ്തുത വിദ്യാർത്ഥികളുടേയും സംഭാവന പ്രഥമാദ്ധ്യാപകർ തന്നെ പ്രിൻസിപ്പാൾമാരുടെ സഹകരണത്തോടെ ശേഖരിക്കേണ്ട താണ്. ഹയർസെക്കണ്ടറി വൊക്കേഷണൽ ഹയർസെക്കണ്ടറി പ്രിൻസിപ്പാൾമാർക്ക് ഇതിനായുള്ള നിർദേശം റീജിയണൽ ഡെപ്യൂട്ടി ഡയറക്ടർമാർ, റീജിയണൽ അസിസ്റ്റന്റ് ഡയറക്ടർമാർ വഴി ലഭ്യമാക്കുന്നതിനുള്ള നടപടി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് ചെയ്തിട്ടുണ്ട്.

പദ്ധതിയുടെ വിജയത്തിനായി മുഴുവൻ പ്രിൻസിപ്പാൾമാരുടെയും, പ്രഥമാദ്ധ്യാപകരുടെയും ആത്മാർത്ഥ സഹകരണം ഉറപ്പുവരുത്തേണ്ടതാണ്.

## 1) ശാസ്ത്രമേള സ്വർണകപ്പിനായുള്ള വിദ്യാർത്ഥികളുടെ സംഭാവന സ്കൂളുകളിൽ നിന്നും സ്വരൂപിക്കൽ

സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ്, അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ 1-ാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികളിൽ നിന്നുമാണ് ശാസ്ത്രമേള സ്വർണകപ്പിനുള്ള സംഭാവനകൾ സ്വരൂപിക്കുന്നത്.

***2014 സെപ്തംബർ മാസം 23-ാം*** തീയതി രാവിലെ 10 മുതൽ 11 മണിവരെയുള്ള ഒരു മണിക്കൂർ സമയത്ത് സംസ്ഥാനത്തൊട്ടാകെയുള്ള സ്കൂളുകളിൽ നിന്നും സ്വർണകപ്പ് സംഭാവന സ്വരൂപിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കാര്യശേഷി ഊട്ടിയുറപ്പിക്കുന്ന ഈ പരിപാടിയുടെ വിജയത്തിനായി എല്ലാ പ്രഥമാദ്ധ്യാപകരും കാര്യക്ഷമതയോടെ പ്രവർത്തിക്കാനുള്ള നിർദ്ദേശം നൽകേണ്ടതും, പ്രിൻസിപ്പാൾമാരുടെ ആത്മാർത്ഥ സഹകരണം ഉറപ്പുവരുത്തേണ്ടതുമാണ്.

## 2) ക്ലാസ്സുകളിൽ നിന്നും സംഭാവന സ്വരൂപിക്കൽ

ഓരോ ക്ളാസിലേയും വിദ്യാർത്ഥികളുടെ സംഭാവന ബന്ധപ്പെട്ട ക്ളാസ് ടീച്ചർമാർ ശേഖരിച്ച് പ്രഥമാദ്ധ്യാപകന് നൽകേണ്ടതാണ്.

***താൻ വിദ്യാർത്ഥി ആയിരിക്കുമ്പോൾ നിർമ്മിച്ച ശാസ്ത്രമേള സ്വർണ്ണകപ്പിൽ തന്റെ ഒരു രൂപ ഉൾപ്പെട്ടിട്ടില്ലല്ലോ എന്ന നിരാശ സംസ്ഥാനത്തെ ഒരു വിദ്യാർത്ഥിയെപ്പോലും ബാധിക്കരുത്.***

അതിനാൽ ഓരോ ക്ലാസ്സിലേയും എല്ലാ വിദ്യാർത്ഥികളുടേയും (ക്ലാസ്സ് അറ്റന്റൻസ് രജിസ്റ്റർ പ്രകാരമുള്ള) സംഭാവന ശേഖരിക്കപ്പെട്ടു എന്ന് ക്ലാസ്സ് ടീച്ചറും, പ്രഥമാദ്ധ്യാപകനും ഉറപ്പുവരുത്തേണ്ടതാണ്.

സ്കൂളുകളിലെ സംഭാവന ശേഖരണത്തിന്റെ സുഗമമായ പ്രവർത്തനത്തിന് പ്രഥമദ്ധ്യാപകൻ കൺവീനറും രണ്ട് അദ്ധ്യാപകർ ജോയിന്റ് കൺവീനർമാരുമായി ഒരു കമ്മറ്റി രൂപികരിച്ച് പ്രവർത്തിക്കേണ്ടതാണ്. (ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി, സ്കൂളുകളിൽ ജോയിന്റ് കൺവീനർമാരിൽ ഒരാൾ അനദ്ധ്യാപകനാകാം)

എല്ലാ സ്കൂളുകളിലേയ്ക്കും എ.ഇ.ഒ./ഡി.ഇ.ഒ ഓഫീസുകളിൽ നിന്നും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് തയ്യാറാക്കിയ ANNEXURE-1 നൽകുന്നതാണ്.

വിദ്യാർത്ഥികളിൽ നിന്നും ശേഖരിക്കുന്ന സംഭാവന തുകയുടെ വിവരങ്ങൾ പ്രസ്തുത ANNEXURE-1-ൽ രേഖപ്പെടുത്തി പ്രഥമദ്ധ്യാപകൻ കൈയൊപ്പ് ചാർത്തി ഓഫീസ് സീലും പതിപ്പിച്ച് ഒരു കോപ്പി സ്കൂൾ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതാണ്.

**3) <u>പ്രഥമദ്ധ്യാപകൻ സംഭാവന തുകയുടെ ബാങ്ക് ഡി.ഡി. എടുക്കുന്നതിനേയും, എ.ഇ.ഒ./ഡി.ഇ.ഒമാർക്ക് നൽകുന്നതിനേയും സംബന്ധിച്ച്</u>**

പ്രഥമദ്ധ്യാപകർ ലഭിച്ച സംഭാവന തുകയ്ക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ പേരിൽ തിരുവനന്തപുരത്തെ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ ജഗതി ബ്രാഞ്ചിൽ മാറത്തക്കവണ്ണം ഡിമാന്റ് ഡ്രാഫ്റ്റ് ***സെപ്തംബർ മാസം 23, 24*** തീയതികളിൽ എടുക്കേണ്ടതാണ്. നാഷണലൈസ് ബാങ്കിൽ നിന്നുമാകണം ഡി.ഡി. എടുക്കേണ്ടത്. സർക്കാർ പദ്ധതിയായതിനാൽ ഡി.ഡി. ചാർജ് നൽകേണ്ടതില്ല. ഡി.ഡി. എടുക്കുവാനായി ബാങ്കിൽ നൽകുന്ന സ്ലിപ്പിൽ പ്രഥമദ്ധ്യാപകൻ " The remittance represents bonafide Government purpose only" എന്ന് രേഖപ്പെടുത്തി കൈയൊപ്പ് ചാർത്തി designation സീലും പതിപ്പിക്കണം.

ബാങ്ക് ഡി.ഡി.യും, ANNEXURE-1 ഉം, കവറിംഗ് ലറ്ററും ഉൾപ്പെടെ പ്രൈമറി സ്കൂളുകളുടേത് (LP & UP) ബന്ധപ്പെട്ട എ.ഇ.ഒ.യ്ക്കും ഹൈസ്കൂൾ, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി സ്കൂളുകളുടേത് ബന്ധപ്പെട്ട ഡി.ഇ.ഒ.യ്ക്കും പ്രഥമദ്ധ്യാപകർ സെപ്തംബർ മാസം 25-ാം തീയതി രാവിലെ 12 മണിക്കുമുമ്പായി നൽകണം.

**4)<u>സ്കൂളുകളിൽ നിന്നും ലഭിച്ച സംഭാവനതുക എ.ഇ.ഒ./ഡി.ഇ.ഒ.മാർ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ടതിനെ സംബന്ധിച്ച്.</u>**

പ്രധാനാദ്ധ്യാപകരിൽ നിന്നും ലഭിക്കുന്ന ബാങ്ക് ഡി.ഡി.കളുടെയും, സംഭാവന തുകയുടേയും (ANNEXURE-I) വിവരങ്ങൾ രേഖപ്പെടുത്തുന്നതിനായി പൊതുവിദ്യാഭ്യാസഡയറക്ടറേറ്റ് തയ്യാറാക്കിയ ANNEXURE-II കമ്പ്യൂട്ടർ-എക്സൽ ഷീറ്റായി എല്ലാ എ.ഇ.ഒ., ഡി.ഇ.ഒ., ഡി.ഡി.(ഇ) മാർക്കും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ dpiysection@gmail ൽ നിന്നും ഇ-മെയിലായി സെപ്തംബർ മാസം 23-ാം തീയതി നൽകുന്നതാണ്.

എ.ഇ.ഒ, ഡി.ഇ.ഒ. ഓഫീസുകളിൽ പ്രസ്തുത ANNEXURE-II (കമ്പ്യൂട്ടർ-എക്സൽ ഷീറ്റ്) ഡൗൺലോഡ് ചെയ്യേണ്ടതും ഇപ്രകാരം ***<u>ഡൗൺലോഡ് ചെയ്ത് കിട്ടുന്ന എക്സൽ ഷീറ്റിൽ തന്നെ</u>*** ANNEXURE-I -ലെ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതുമാണ്.

പ്രസ്തുത എക്സൽ ഷീറ്റിൽ 200 Rows വരെ ഉൾപ്പെടുത്തിയിട്ടുണ്ട്. സെല്ലുകളിൽ എൻട്രി നടത്തിക്കഴിഞ്ഞാൽ delete ചെയ്യുവാൻ കഴിയില്ലെങ്കിലും backspace key ഉപയോഗിച്ച് മാറ്റങ്ങൾ വരുത്തുവാൻ കഴിയും. സെല്ലുകളിൽ നിന്നും സെല്ലുകളിലേയ്ക്ക് പോകുവാനായി arrow keys ഉപയോഗിക്കേണ്ടതാണ്. (tab key പ്രവർത്തിക്കില്ല). സെല്ലുകളിൽ ഫോണ്ടും, ഫോണ്ട് സൈസും നിശ്ചയിക്കപ്പെട്ടിട്ടുള്ളതിനാൽ മാറ്റങ്ങളൊന്നും നടത്തേണ്ടതില്ല. തുടർച്ചയായി എൻട്രി സുഗമമായി നടത്താവുന്നതാണ്. എൻട്രി നടത്തേണ്ടതിന്റെ കൂടുതൽ അറിവിലേയ്ക്കായി മാത്രം specimen എന്നൊരു ഷീറ്റുകൂടി ഉൾപ്പെടുത്തിയിട്ടുണ്ട്.

എ.ഇ.ഒ., ഡി.ഇ.ഒ. മാർ തങ്ങളുടെ അധികാര പരിധിയിലുള്ള എല്ലാ സ്കൂളുകളിലെയും സംഭാവന തുകകൾ ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പുവരുത്തി ANNEXURE-I -ലെ വിവരങ്ങൾ പ്രസ്തുത ANNEXURE-II -ൽ എൻട്രി നടത്തേണ്ടതാണ്. ഇപ്രകാരമുള്ള എൻട്രി പൂർത്തിയാകുമ്പോൾ U6 സെല്ലിൽ തെളിയുന്ന തുകയും ഡി.ഡി.കളുടെ ആകെ തുകയും ഒന്നാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

ANNEXURE-II -ൽ (കമ്പ്യൂട്ടർ ഫയൽ) എൻട്രി നടത്തൽ പൂർത്തിയായാൽ A1 സെല്ല് മുതൽ രേഖപ്പെടുത്തൽ നടത്തിയ അവസാനത്തെ സ്കൂളിന്റെ വിവരങ്ങൾ വരെയുള്ള Rows സെലക്ട് ചെയ്യേണ്ടതും Page Layout മെനുവിൽ നിന്ന് Print Area ബട്ടണിലെ Set Print Area ഓപ്ഷനിൽ ക്ലിക്ക് ചെയ്ത് സേവ് ചെയ്യേണ്ടതുമാണ്. അതിനുശേഷം A4 സൈസ് പേപ്പറിൽ പ്രിന്റൗട്ട് എടുത്ത് എ.ഇ.ഒ./ഡി.ഇ.ഒ. ഒപ്പ് ചാർത്തി ഓഫീസ് സീലും പതിപ്പിക്കേണ്ടതാണ്.

***പ്രസ്തുത എക്സൽ ഷീറ്റ് (കമ്പ്യൂട്ടർ ഫയൽ) ഒരു CD യിൽ റൈറ്റ് ചെയ്ത് എടുക്കേണ്ടതും CD പ്രവർത്തനക്ഷമമാണെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.***

പ്രസ്തുത CD യും, ANNEXURE-II -ന്റെ പ്രിന്റൗട്ടും, ANNEXURE-I ഉം, ബാങ്ക് ഡി.ഡി.കളും ഉൾപ്പെടെ എ.ഇ.ഒ/ഡി.ഇ.ഒ.മാരുടെ കവറിംഗ് ലറ്ററും ഉള്ളടക്കം ചെയ്ത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് സെപ്തംബർ മാസം 29-ാം തീയതി നൽകേണ്ടതാണ്.

**ANNEXURE-II -ലെ എൻട്രി നടത്തുന്നതുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്ക് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലെ വൈ(1) സെക്ഷനായ ഡി. അശോകകുമാറിനെ 9895068336 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.**

സ്കൂളുകളിലെ സംഭാവന തുകയുടെ വിവരങ്ങൾ ANNEXURE-II -ൽ എൻട്രി നടത്തുന്നതിനും ആയത് വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതുമായ പ്രവർത്തനങ്ങൾ സുഗമമാക്കുവാൻ എ.ഇ.ഒ./ഡി.ഇ.ഒ. കൺവീനറായി ബന്ധപ്പെട്ട ഓഫീസിലെ ഒരു സൂപ്രണ്ടും കമ്പ്യൂട്ടർ കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥനും ജോയിന്റ് കൺവീനറുമായി കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

## 5) വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് എ.ഇ.ഒ., ഡി.ഇ.ഒ. മാരിൽ നിന്നും ലഭിക്കുന്ന ബാങ്ക് ഡി.ഡി.യും ബന്ധപ്പെട്ട രേഖകളും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കേണ്ടതിനെ സംബന്ധിച്ച്

എ.ഇ.ഒ./ഡി.ഇ.ഒ. ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ANNEXURE-II -ലെ വിവരങ്ങൾ രേഖപ്പെടുത്തുവാനായി പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ നിന്നും ANNEXURE-III വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകുന്നതാണ്. ANNEXURE-III -ൽ വിവരങ്ങൾ രേഖപ്പെടുത്തി-രേഖപ്പെടുത്തലുകളുടെ ക്രമത്തിൽ എ.ഇ.ഒ., ഡി.ഇ.ഒ ഓഫീസുകളിൽ നിന്നും ലഭിക്കുന്ന ബണ്ടിലുകൾ ക്രമീകരിച്ച്- ***എല്ലാ എ.ഇ.ഒ., ഡി.ഇ.ഒ. ഓഫീസുകളിൽ നിന്നും CD ശേഖരിക്കപ്പെട്ടുവെന്ന് ഉറപ്പുവരുത്തി*** വിദ്യാഭ്യാസ ഉപഡയറക്ടർമാർ പ്രത്യേക ദൂതൻ വഴി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് (അക്കാഡമിക്) ഒക്ടോബർ മാസം 6-ാം തീയതി പകൽ 12 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ്.

എല്ലാ സ്കൂളുകളിലേയും ബാങ്ക് ഡി.ഡി.കളും, ബന്ധപ്പെട്ട രേഖകളും, സ്വർണകപ്പ് നിർമ്മാണ മോഡലിനായുള്ള ചിത്രങ്ങൾ തിരഞ്ഞെടുക്കുന്നതും സംബന്ധിച്ച് സുഗമമായ പ്രവർത്തനങ്ങൾക്കുവേണ്ടി വിദ്യാഭ്യാസ ഉപഡയറക്ടർ കൺവീനറും രണ്ടു ഉദ്യോഗസ്ഥർ ജോയിന്റ് കൺവീനർമാരുമായി കമ്മറ്റി രൂപികരിക്കേണ്ടതാണ്.

## 6) ശാസ്ത്രമേള സ്വർണകപ്പിനായുള്ള മോഡലുകൾ ചിത്രങ്ങളായി വിദ്യാർത്ഥികളിൽ നിന്നും, അദ്ധ്യാപകരിൽ നിന്നും ശേഖരിക്കുന്നതിനെ-സംബന്ധിച്ച്

ശാസ്ത്രമേള സ്വർണകപ്പ് പ്രൗഢഗംഭീരമായിരിക്കണം. ഫിഫ ഫുട്ബോൾ വേൾഡ് കപ്പ് പോലെ ഒതുക്കമുള്ളതായിരിക്കണം. സ്വർണ കപ്പ് നിർമ്മിക്കുന്നതിന്റെ മോഡലുകൾ ചിത്രങ്ങളായി പൊതുവിദ്യാഭ്യാസം, ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി വിദ്യാർത്ഥികളിൽ നിന്നും അദ്ധ്യാപകരിൽ നിന്നും ലഭിക്കുന്നതിനായി വിദ്യാഭ്യാസ ഉപഡയറക്ടർമാർ തങ്ങളുടെ റവന്യൂ ജില്ലയിലെ എല്ലാ ദിനപത്രങ്ങളിലും പത്രവാർത്ത നൽകേണ്ടതുണ്ട്. (പത്രവാർത്തയുടെ പകർപ്പ് സർക്കുലറിനൊപ്പം നൽകുന്നു)

പത്രവാർത്ത സെപ്തംബർ മാസം 4-ാം തീയതി നൽകണം. വാർത്ത പത്രങ്ങളിൽ വന്നുവെന്ന് വിദ്യാഭ്യാസ ഉപഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതും, പ്രസ്തുത പത്രങ്ങൾ സൂക്ഷിക്കേണ്ടതുമാണ്. ചിത്രങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കേണ്ട അവസാന തീയതി സെപ്തംബർ മാസം 17-ആണ്.

ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവൃത്തി പരിചയ, ഐ.ടി. വിഭാഗങ്ങളുടെ പ്രതീകങ്ങൾ ഉൾക്കൊള്ളുന്നതാകണം ചിത്രങ്ങൾ. 5 പ്രതീകങ്ങളും ഉൾകൊള്ളുന്ന ഒരു പ്രതീകം മാത്രം ഉൾക്കൊള്ളിച്ചും ചിത്രങ്ങൾ തയ്യാറാക്കാവുന്ന താണ്. A4/A3 സൈസ് ഷീറ്റിലായിരിക്കണം ചിത്രങ്ങൾ തയ്യാറാക്കേണ്ടതാണ്. "സ്വർണ്ണ കപ്പ് മോഡൽ" നിർമ്മിക്കുവാൻ കഴിയുന്ന വിധത്തിലാകണം ചിത്രങ്ങൾ തയ്യാറാക്കേണ്ടത്. ചിത്രങ്ങളുടെ മറുപുറത്ത് ചിത്രങ്ങൾ തയ്യാറാക്കിയ വിദ്യാർത്ഥി യുടെ/അദ്ധ്യാപകന്റെ പൂർണമായ പേര്, ക്ലാസ്സ്/ഉദ്യോഗപേര്, സ്കൂളിന്റെ പൂർണമായ മേൽവിലാസം, ജില്ലയുടെ പേര്, വിദ്യാർത്ഥിയുടെ രക്ഷകർത്താ വിന്റെ/അദ്ധ്യാപകന്റെ മെബൈൽ നമ്പർ എന്നിവ വ്യക്തമായി രേഖപ്പെടുത്തിയിരി ക്കണം.

സ്വർണകപ്പ് നിർമ്മാണത്തിനായി തിരഞ്ഞെടുക്കുന്ന ചിത്ര നിർമ്മാതാവിന് സ്വർണകപ്പ് പ്രകാശനച്ചടങ്ങിൽ വച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് ഏർപ്പെടുത്തുന്ന ക്യാഷ് അവാർഡ് നൽകുന്നതാണ്.

7) <u>വിദ്യാഭ്യാസ ഉപഡയറക്ടർ ഓഫീസുകളിൽ ലഭിക്കുന്ന സ്വർണകപ്പ് മോഡലിനാ യുള്ള ചിത്രങ്ങളിൽ മെച്ചപ്പെട്ടവ തിരഞ്ഞെടുക്കുന്നതിനെ സംബന്ധിച്ച്</u>

സെപ്തംബർ മാസം 17-ാം തീയതി വരെ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് ലഭിക്കുന്ന ചിത്രങ്ങളിൽ മെച്ചപ്പെട്ട 5 ചിത്രങ്ങൾ തിരഞ്ഞെടുത്ത് പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ ലഭ്യമാക്കുന്നതിനായി ഒരു കമ്മീറ്റി രൂപികരിക്കേണ്ടതുണ്ട്. ചുവടെ പേര് ചേർക്കുന്നവരെ ഉൾപ്പെടുത്തി വേണം കമ്മീറ്റി രൂപീകരിക്കേണ്ടത്.

**വിദ്യാഭ്യാസ ഉപഡയറക്ടർ** - ചെയർമാൻ

**ആർ.ഡി.ഡി.,ആർ.എ.ഡി.,** - വൈസ് ചെയർമാൻമാർ
**എ.ഇ.ഒ.മാർ, ഡി.ഇ.ഒ.മാർ**
**<u>അംഗങ്ങൾ</u>**
ശില്പനിർമ്മാണ കലയിലെ ഒരു വിദഗ്ധൻ, ചിത്രകലയിലെ ഒരു വിദഗ്ധൻ, ശാസ്ത്ര, ഗണിതശാസ്ത്ര, സാമൂഹ്യശാസ്ത്ര, പ്രവർത്തി പരിചയ ക്ലബ് അസോസിയേഷൻ റവന്യൂ ജില്ലാ സെക്രട്ടറിമാർ, ഐ.ടി. ജില്ലാ കോ-ഓർഡിനേറ്റർ.

പ്രസ്തുത കമ്മറ്റി സെപ്തംബർ മാസം 11 നുള്ളിൽ രൂപികരിച്ച് ബന്ധ പ്പെട്ടവർക്ക് അറിയിപ്പ് നൽകേണ്ടതാണ്.

വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ലഭിച്ച ചിത്രങ്ങളിൽ ശാസ്ത്രമേള സ്വർണ കപ്പ് മോഡൽ നിർമ്മാണത്തിനുതകുന്ന മെച്ചപ്പെട്ട 5 ചിത്രങ്ങൾ സെപ്തംബർ 19-ാം തീയതി കമ്മറ്റി കൂടി തിരഞ്ഞെടുക്കേണ്ടതാണ്. ഓരോ ചിത്രവും തിരഞ്ഞെടുത്ത തിന്റെ മാനദണ്ഡത്തിന്റെ ഒരു ചെറുകുറിപ്പും ഉൾപ്പെടുത്തി സെപ്തംബർ മാസം 22-ാം തീയതി രാവിലെ 12 മണിക്ക് മുമ്പായി പൊതുവിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർക്ക് (അക്കാഡമിക്) വഴി ലഭ്യമാക്കേണ്ടതാണ്.

തിരഞ്ഞെടുക്കാത്ത ചിത്രങ്ങൾ ക്രമനമ്പർ നൽകി ഭദ്രമായി വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസുകളിൽ സൂക്ഷിക്കേണ്ടതാണ്.

സർക്കാറിന് മുതൽകൂട്ടാകുന്ന - പൊതുവിദ്യാഭ്യാസ വകുപ്പിന് അഭിമാനമാകുന്ന - വിദ്യാർത്ഥി, അദ്ധ്യാപക സമൂഹത്തിന് ആവേശവും ഉൾക്കരുത്തും പ്രധാനം ചെയ്യുന്ന ശാസ്ത്രമേള സ്വർണകപ്പ് പദ്ധതി നടപ്പിലാക്കുന്നതിന്റെ ചുക്കാൻ വിദ്യാഭ്യാസ ഉപഡയറക്ടർമാരെ ഏൽപ്പിക്കുന്നു. ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ, പ്രിൻസിപ്പാൾമാർ, പ്രഥമാദ്ധ്യാപകർ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തി കാര്യക്ഷമതയോടെ സമയബന്ധിത പ്രവർത്തനങ്ങൾ നടത്തി **ശാസ്ത്രമേള ഒരു കിലോ സ്വർണകപ്പ് പദ്ധതി** വിജയിപ്പിക്കേണ്ടതാണ്.

(സർക്കുലറിന്റെ പകർപ്പ് പൊതു വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.education.kerala.gov.in ൽ നൽകിയിട്ടുണ്ട്.)

വിശ്വസ്തതയോടെ,

**പൊതു വിദ്യാഭ്യാസ ഡയറക്ടർ**

പകർപ്പ്:

1) **എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും** (എല്ലാ ഹയർസെക്കണ്ടറി, വൊക്കേഷണൽ ഹയർസെക്കണ്ടറി ആർ.ഡി.ഡി. മാർക്കും ആർ.എ.ഡി. മാർക്കും സർക്കുലറിന്റെ പകർപ്പ് നൽകേണ്ടതും സഹകരണം ഉറപ്പുവരുത്തേണ്ടതും ആണ്. എല്ലാ ഡി.ഇ.ഒ., എ.ഇ.ഒ. മാരോടും പ്രഥമാദ്ധ്യാപകരുടെ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തുവാൻ നിർദേശം നൽകേണ്ടതാണ്.

2) **എല്ലാ ജില്ലാ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും** (പരിധിയിലുള്ള മുഴുവൻ സ്കൂളുകളിലേയും പ്രിൻസിപ്പാൾമാർക്കും പ്രഥമാദ്ധ്യാപകർക്കും സർക്കുലറിന്റെ പകർപ്പ് നൽകി സഹകരണം ഉറപ്പുവരുത്തേണ്ടതും സ്കൂൾ അസംബ്ലിയിൽ ശാസ്ത്രമേള സ്വർണ്ണകപ്പിന്റെ ആവശ്യകതയെക്കുറിച്ച് വിദ്യാർത്ഥികളോട് ആവേശ്യജന്യമായി സംസാരിച്ച് സെപ്റ്റംബർ 23-ാം തീയതി നടക്കുന്ന സംഭാവന സ്വരൂപീകരണത്തിൽ മുഴുവൻ വിദ്യാർത്ഥികളേയും ഭാഗഭാക്കാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ പ്രഥമാദ്ധ്യാപകർക്ക് നിർദേശം നൽകേണ്ടതാണ്.